## പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 296 — 05.03.2012 ലെ മറുപടിയ്ക്ക്

### മണപ്പുറം ഫിനാൻസിന്റെ നിയമവിരുദ്ധ പ്രവർത്തനം

**ചോദ്യം**
ശ്രീ. വി.എസ്. സുനിൽ കുമാർ

**ഉത്തരം**
ശ്രീ. കെ.എം. മാണി
(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | തൃശ്ശൂർ കേന്ദ്രമായി പ്രവർത്തിക്കുന്ന മണപ്പുറം ഫിനാൻസിൽ പണം നിക്ഷേപിക്കരുതെന്ന് നിർദ്ദേശിച്ചു കൊണ്ടുള്ള റിസർവ്വ് ബാങ്ക് മുന്നറിയിപ്പ് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | നിക്ഷേപങ്ങൾ വാങ്ങാനോ പുതുക്കാനോ ഈ സ്ഥാപനത്തിന് അനുമതി യുണ്ടോ ; | (ബി) & (സി) | ഈ സ്ഥാപനം നിയമവിരുദ്ധമായി നിക്ഷേപം വാങ്ങുന്നതും, പുതുക്കുന്നതും റിസർവ്വ് ബാങ്കിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. അവർ അത് പൊതുജനങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. |
| (സി) | മണപ്പുറം ഫിനാൻസിന്റെ പേരിലോ, മണപ്പുറം ഗ്രോ ഫാം (മാഗ്രോ) എന്ന പേരിലോ ജനങ്ങളിൽ നിന്നും നിക്ഷേപം സ്വീകരിച്ചിരുന്നത് നിയമവിരുദ്ധമായിരുന്നെന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | | |
| (ഡി) | നിയമവിരുദ്ധമായ ഈ പ്രവർത്തനത്തിനെതിരെ അന്വേഷണം നടത്തി നടപടി സ്വീകരിക്കുമോ ; | (ഡി) | പരാതി ലഭിക്കുന്ന മുറയ്ക്ക് അന്വേഷണം നടത്തി നടപടി സ്വീകരിക്കുന്നതാണ്. നിയമവിരുദ്ധമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ സ്വത്ത് കണ്ടുകെട്ടുന്നതിനും, നിക്ഷേപകരെ സംരക്ഷിക്കുന്നതിനും ഇതുസംബന്ധിച്ച കേസുകൾ കൈകാര്യം ചെയ്യുന്നതിന് പ്രത്യേക കോടതി കൊണ്ടുവരുന്നതിനും ഒരു നിയമം കൊണ്ടുവരുന്നതാണ്. |
| (ഇ) | ഈ സ്ഥാപനം ഏത് കാറ്റഗറിയിൽപ്പെട്ട കമ്പനിയാണെന്ന് വ്യക്തമാക്കുമോ ? | (ഇ) | റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയിൽ രജിസ്റ്റർ ചെയ്ത B കാറ്റഗറിയിൽപ്പെട്ട എൻ.ഡി.എസ്.ഐ (Non-Deposit taking Systemically Important) കമ്പനിയാണ്. |

സെക്ഷൻ ഓഫീസർ